©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, വ്യാഴം** Thiruvananthapuram, Thursday | **2024 ഫെബ്രുവരി 29** 29th February 2024 **1199 കുംഭം 16** 16th Kumbham 1199 **1945 ഫാൽഗുനം 10** 10th Phalguna 1945 | **നമ്പർ** No. | **765** |


കേരള സർക്കാർ

**ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ.) വകുപ്പ്**

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 11/2024/ആ.കു.വ. *തിരുവനന്തപുരം, 2024 ഫെബ്രുവരി 19*
*1199 കുംഭം 6.*

**എസ്. ആർ. ഒ. നമ്പർ 216/2024**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളത്തിലെ സിദ്ധ ചികിത്സാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങൾ പാലിക്കേണ്ടതായ നിലവാരം നിർണ്ണയിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള സിദ്ധ ക്ലിനിക്കൽ സ്ഥാപനങ്ങൾ (നിലവാരം നിർണ്ണയിക്കൽ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) "അനുബന്ധം" എന്നാൽ ഈ ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അനുബന്ധം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. സിദ്ധ വകുപ്പിന് കീഴിലുള്ള ചികിത്സാ സ്ഥാപങ്ങളുടെ തരം തിരിക്കൽ.—(1) സ്ഥല ചികിത്സാ സൗകര്യങ്ങൾക്കനുസരിച്ച് സിദ്ധ ചികിത്സാ സ്ഥാപനങ്ങളെ ആറായി തരം തിരിക്കാവുന്നതാണ്, അതായത്,—

(i) ക്ലിനിക്ക് (ഒ. പി.)/ഡിസ്പെൻസറി (ഒ. പി.);
(ii) സ്പെഷ്യാലിറ്റി ക്ലിനിക്ക് (ഒ. പി.);
(iii) പോളി ക്ലിനിക്ക് (ഒ. പി.);
(iv) തെറാപ്പി സെന്റർ (ഒ. പി.);
(v) ഹോസ്പിറ്റൽ;
(vi) ടീച്ചിംഗ് ഹോസ്പിറ്റൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u>**:** സിദ്ധ മെഡിക്കൽ കോളേജുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ടീച്ചിംഗ് ഹോസ്പിറ്റലുകൾ, ഇൻഡ്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ പ്രസിദ്ധപ്പെടുത്തുന്ന അതതുകാലത്തെ അടിസ്ഥാന നിലവാരങ്ങൾ മാനദണ്ഡങ്ങൾ പാലിക്കേണ്ടുന്നതാണ്. സർക്കാർ സിദ്ധ ഗവേഷണ കേന്ദ്രങ്ങളുടെ കാര്യത്തിലും ഇത് ബാധകമാണ്.

(2) **സിദ്ധയുടെ പ്രത്യേക ചികിത്സാ വിഭാഗങ്ങൾ:—**

(i) അറുവൈ മരുത്വം (ശസ്ത്രക്രിയ);

(ii) അഴകിയൽ മരുത്വം (കോസ്മെറ്റോളജി);

(ii) എൻപ് മുറിവ് മരുത്വം (ഭംഗ ചികിത്സ);

(iv) കൺ മരുത്വം (നേത്ര ചികിത്സ);

(v) കരുവാക്ക മരുത്വം (വന്ധ്യതാ ചികിത്സ);

(vi) കാത്, മൂക്ക്, തൊണ്ടൈ മരുത്വം (ഇ. എൻ. ടി. ചികിത്സ);

(vii) കായകല്പ മരുത്വം (വാജീകരണ ചികിത്സ);

(viii) കുഴന്തൈ മരുത്വം (ബാല ചികിത്സ);

(ix) മനനോയ് മരുത്വം (മാനസിക രോഗ ചികിത്സ);

(x) മുതിയോർ മരുത്വം (വാർദ്ധക്യ രോഗ ചികിത്സ);

(xi) നഞ്ച് മരുത്വം (വിഷ ചികിത്സ);

(xii) നരമ്പ് നോയ് മരുത്വം (നാഡീ രോഗ ചികിത്സ);

(xiii) നോയ് തടുപ്പ് മരുത്വം (രോഗപ്രതിരോധം);

(xiv) നീരിഴിവ് മരുത്വം (പ്രമേഹ രോഗ ചികിത്സ);

(xv) പൽ മരുത്വം (ദന്ത ചികിത്സ);

(xvi) പാലിയേറ്റീവ് കെയർ;

(xvii) പുറ മരുത്വം (ബാഹ്യ ചികിത്സ);

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xviii) പുറ്റു നോയ് മരുത്വം (അർബുദ ചികിത്സ);

(xix) സിദ്ധർ യോഗ മരുത്വം (യോഗ ചികിത്സ);

(xx) സൂൽ, മകളിർ മരുത്വം (ഗർഭിണി സ്ത്രീരോഗ ചികിത്സ);

(xxi) സ്പോർട്സ് മെഡിസിൻ;

(xxii) തോൽ മരുത്വം (ത്വഗ്രോഗ ചികിത്സ);

(xxiii) വർമ മരുത്വം (മർമ ചികിത്സ);

(xxiv) വാതനോയ് മരുത്വം (വാതരോഗ ചികിത്സ);

(xxv) വാഴ്വിയൽ മരുത്വം (ജീവിതശൈലീ രോഗ ചികിത്സ).

കുറിപ്പ്:–ചികിത്സകന്റെ യുക്തിയ്ക്കും ലഭ്യമായ സൗകര്യങ്ങൾക്കനുസരിച്ചും സിദ്ധയുടെ ചികിത്സാ വ്യവസ്ഥകൾക്കും അനുസരിച്ച് കൂടുതൽ വിഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

4. സിദ്ധ ക്ലിനിക്ക് (ഒ.പി.)/ഡിസ്പെൻസറി (ഒ.പി.) പാലിക്കേണ്ട നിലവാരങ്ങൾ.—സിദ്ധ ക്ലിനിക്ക് (ഒ.പി.)/ഡിസ്പെൻസറി താഴെപ്പറയുന്ന നിലവാരങ്ങൾ പാലിക്കേണ്ടതാണ്, അതായത്:—

(1) **നിർവചനം**:—സിദ്ധ ക്ലിനിക്ക് (ഒ. പി)/ഡിസ്പെൻസറി (ഒ. പി.) എന്നാൽ ഒരു ഡോക്ടറുടെയോ സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, വൈദ്യ പരിശോധന, ഔഷധ നിർണയം, ക്ലിനിക്കൽ റെഫറൽ മുതലായ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള സിദ്ധ ചികിത്സാ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഇവിടെ ഫാർമസി, രോഗസ്വഭാവത്തിനനുസൃതമായ ലളിതമായ ബാഹ്യ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ചികിത്സകന്റെ ഇച്ഛാനുസരണം ഉൾപ്പെടുത്താവുന്നതാണ്.

(2) **അടിസ്ഥാന സേവനങ്ങൾ:—**

(i) വൈദ്യ പരിശോധന

(ii) ഔഷധ കുറിപ്പ്

(iii) ഔഷധ വിനിമയം (ഐച്ഛികം)

(iv) ലളിതമായ ബാഹ്യ ചികിത്സാസൗകര്യം(ഐച്ഛികം)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) ക്ലിനിക്കൽ റെഫറൽ.

(3) **അടിസ്ഥാന സൗകര്യങ്ങൾ:—**

(i) രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതമായ ഭൗതിക സാഹചര്യം ഒരുക്കുകയും പരിസരം ശുചിയായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്;

(ii) അനുബന്ധം 1 പ്രകാരമുള്ള സ്ഥലസൗകര്യം ഉണ്ടായിരിക്കേണ്ടതാണ്;

(iii) കാറ്റും വെളിച്ചവും കടക്കുവാനുള്ള സൗകര്യം, വൈദ്യുതി, കുടിവെള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(iv) പ്രവേശന കവാടത്തിലോ കെട്ടിടത്തിന് മുന്നിലോ ചികിത്സാ കേന്ദ്രത്തിന്റെ പേര് ഇംഗ്ലീഷിലും പ്രാദേശിക ഭാഷയിലും ആലേഖനം ചെയ്യുന്ന ബോർഡ്/സൈനേജ് ഉണ്ടായിരിക്കേണ്ടതാണ്;

(v) ലഭ്യമാക്കുന്ന ചികിത്സകരുടെ പേര്, സമയ ക്രമം, ലഭ്യമായ സേവനങ്ങൾ ഇവ വ്യക്തമാക്കുന്ന ബോർഡ്/സൈനേജുകൾ അതാത് സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്;

(vi) ലഭ്യമായിട്ടുള്ള ലൈസൻസ്/അനുമതി/രജിസ്ട്രേഷൻ/സർട്ടിഫിക്കറ്റ് ഇവയുടെ പകർപ്പുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

(4) **ഫർണിച്ചറുകൾ:—**

(i) ചികിത്സാ കേന്ദ്രത്തിൽ ലഭ്യമാക്കുന്ന ചികിത്സാ സേവനങ്ങൾ നിർവഹിക്കുന്നതിന് അനുബന്ധം 1-ൽ നൽകിയിട്ടുള്ള ആവശ്യമായ എല്ലാ ഫർണിച്ചറുകളും സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്;

(ii) എല്ലാ ഫർണിച്ചറുകളും ഉപയോഗക്ഷമമായിരിക്കേണ്ടതാണ്.

(5) **ചികിത്സാനുബന്ധ ഉപകരണങ്ങൾ:—**

(i) ചികിത്സാ കേന്ദ്രത്തിൽ അനുബന്ധം 1 ൽ ചേർത്തിരിക്കുന്ന എല്ലാ അവശ്യ ചികിത്സാനുബന്ധ ഉപകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്;

(ii) കൂടാതെ സ്ഥാപനത്തിൽ ചികിത്സകന്റെ ഇച്ഛാനുസരണം നല്കുവാനുദ്ദേശിക്കുന്ന എല്ലാ ചികിത്സാ സേവനങ്ങൾക്കും ആവശ്യമായ എല്ലാ ഉപകരങ്ങളും ലഭ്യമായിരിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) മരുന്നും ഉപകരണങ്ങളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കേണ്ടതാണ്;

(iv) എല്ലാ ഉപകരണങ്ങളും പ്രവർത്തനക്ഷമമായിരിക്കേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ ഇവയുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുകയും ആവശ്യമെങ്കിൽ അറ്റകുറ്റപണികൾ ചെയ്യേണ്ടതുമാണ്.

(6) **നിയമപരമായ ആവശ്യകതകൾ:—** സ്ഥാപനം സ്ഥിതിചെയ്യുന്ന ഭൂമി, കെട്ടിടം, ലഭ്യമാക്കുവാനുദ്ദേശിക്കുന്ന സൗകര്യങ്ങൾ, തൊഴിൽ സംബന്ധിയായ എല്ലാ നിയമപരമായ അനുമതികളും സർട്ടിഫിക്കറ്റുകളും മറ്റും മുൻകൂറായി കരസ്ഥമാക്കിരിക്കേണ്ടതാണ്.

(7) **മാനവ വിഭവശേഷി ആവശ്യകതകൾ:—**

(i) ചികിത്സാ കേന്ദ്രത്തിൽ ലഭ്യമാക്കുവാനുദ്ദേശിക്കുന്ന സേവനങ്ങൾക്ക് നിശ്ചിത യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കേണ്ടതാണ്;

(ii) പാരാമെഡിക്കൽ സ്റ്റാഫ്, മൾട്ടിപർപ്പസ് സ്റ്റാഫ് എന്നിവർക്ക് ചുവടെ ചേർത്തിട്ടുള്ള മിനിമം യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്,—

(എ) പത്താം ക്ലാസ് പാസായിരിക്കണം;

(ബി) ആരോഗ്യവാനായിരിക്കണം;

(സി) ഡോക്ടർ/മെഡിക്കൽ ഓഫീസർ/സ്പെഷ്യലിസ്റ്റ് ഇവരിൽ നിന്നും, ഔഷധ കുറിപ്പ് പ്രകാരമുള്ള മരുന്നുകൾ എടുക്കുക/ഔഷധങ്ങൾ ആവശ്യാനുസരണം യോജിപ്പിക്കുക/ബാഹ്യ ചികിത്സാ ക്രമങ്ങൾ രോഗീ പരിചരണം മുതലായ ചികിത്സാകേന്ദ്രത്തിൽ ലഭ്യമാക്കുവാനുദ്ദേശിക്കുന്ന സേവനങ്ങൾക്കിണങ്ങുന്ന കാര്യങ്ങളിൽ കുറഞ്ഞത് ആറ് മാസത്തെ പരിശീലനം ലഭിച്ചിരിക്കണം;

(ഡി) സിദ്ധ/ആയുഷ് ഫാർമസി, രോഗീപരിചരണം, ബാഹ്യ ചികിത്സ മുതലായവയിൽ സർക്കാർ അംഗീകൃത പാഠ്യപദ്ധതികൾ നിലവിൽ വരുകയും ഇതിലൂടെ ആവശ്യമായ പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികൾ ഉണ്ടാകുകയും ചെയ്യുന്ന പക്ഷം എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും ഉള്ള തൊഴിൽ ഒഴിവുകളിലേയ്ക്ക് പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നല്കി നിയമനം നടത്തേണ്ടതാണ്.

(8) **ചികിത്സാരേഖകൾ/റെക്കോർഡുകൾ:—**എല്ലാ ചികിത്സാ കേന്ദ്രത്തിലും രോഗിയുടെ ചികിത്സാ സംബന്ധിയായ സമ്പൂർണ വിവരം നിലവിലിരിക്കുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിയമങ്ങൾക്ക് അനുസൃതമായി സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിരിക്കുന്ന ചികിത്സാ രേഖകളുടെ ഒരു പകർപ്പ് രോഗിയോ ബന്ധുക്കളോ ആവശ്യപ്പെടുന്നപക്ഷം ലഭ്യമാക്കേണ്ടതുമാണ്.

(9) **അവകാശങ്ങൾ/ഉത്തരവാദിത്തങ്ങൾ:—** രോഗിയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും ചികിത്സകന്റെ ഉത്തരവാദിത്വങ്ങൾ പൂർണമായി നിർവഹിക്കപ്പെടുന്നതിനും ചികിത്സാ കേന്ദ്രത്തിന്റെ ഭാരവാഹികളും ചികിത്സകരും നിയമം അനുശാസിക്കുന്ന ധാർമ്മിക ചട്ടങ്ങൾ (കോഡ് ഓഫ് എത്തിക്സ് റെഗുലേഷൻസ്) കൃത്യമായി പാലിക്കേണ്ടതാണ്.

(10) **അടിസ്ഥാന പ്രക്രിയകൾ:—**

(i) രോഗി രജിസ്ട്രേഷൻ;

(ii) വൈദ്യ പരിശോധന, ഔഷധ നിർണയം, ചികിത്സാ നിർദ്ദേശം;

(iii) ഔഷധ വിതരണം;

(iv) പ്രത്യേക ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(v) ബാഹ്യ ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(vi) തുടർ ചികിത്സ ഉറപ്പാക്കൽ.

(11) **അണുബാധ നിയന്ത്രണം:—**

(i) ചികിത്സാ കേന്ദ്രത്തിന് ഉൾവശവും പരിസരവും ശുചിയായി സൂക്ഷിക്കുക;

(ii) കൃത്യമായ അണുനശീകരണ നടപടികൾ ആനുകാലികമായി നടത്തുക;

(iii) അണുബാധ തടയുന്നതിനായി, കാലാകാലങ്ങളിൽ ആധികാരികമായി നിർദ്ദേശിക്കുന്ന നടപടികൾ പാലിക്കുക.

(12) **സുരക്ഷ നിർദ്ദേശങ്ങൾ:—**

(i) ചികിത്സാ കേന്ദ്രത്തിൽ വച്ച് രോഗിയ്ക്ക് അപായം നേരിടുന്ന വിധമുള്ള എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്;

(ii) അഗ്നിബാധയും വൈദ്യുത അപകടങ്ങളും നിയന്ത്രിക്കുന്നതിനും തടയുന്നതിനും മതിയായ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) കീടങ്ങൾ, ഈച്ചകൾ, എലികൾ, പക്ഷികൾ എന്നിവയെ നിയന്ത്രിക്കുന്നതിന് മതിയായ നടപടികൾ കൈക്കൊള്ളേണ്ടതാണ്;

(iv) രോഗികൾക്ക് ഭീഷണിയുണ്ടാക്കുന്നതോ രോഗങ്ങൾ പകർത്തുന്നതോ ആയ വളർത്തുമൃഗങ്ങളെ ചികിത്സാ കേന്ദ്രത്തിൽ വളർത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(13) **മാലിന്യ സംസ്കരണം:—**

(i) ജൈവ, അജൈവ, ഇ–മാലിന്യങ്ങൾ ഇവ പ്രത്യേകം ശേഖരിക്കുന്നതിനുള്ള സൗകര്യം ചികിത്സാ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്;

(ii) വേർതിരിക്കപ്പെട്ട മാലിന്യങ്ങൾ സംസ്കരിക്കുന്നത് ബന്ധപ്പെട്ട അധികാരികൾ നിശ്ചയിച്ചിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചായിരിക്കേണ്ടതാണ്.

(14) **അത്യാഹിത സാഹചര്യ നിർവഹണം:—**

(i) ആംബുലൻസ്, അടുത്തുള്ള ആശുപത്രികൾ മുതലായവയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ശേഖരിച്ച് വയ്ക്കേണ്ടതാണ്;

(ii) അത്യാഹിത സ്വഭാവത്തിലെത്തിക്കുന്ന രോഗിയുടെ ജീവൽ രക്ഷിക്കുവാനും അടുത്തുള്ള ആശുപത്രിയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പരമാവധി വൈദ്യസഹായം ചികിത്സാ കേന്ദ്രത്തിൽ ലഭ്യമാക്കിയിരിക്കേണ്ടതാണ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 1

അടിസ്ഥാന സൗകര്യം
ക്ലിനിക്ക് (ഒ. പി.) / ഡിസ്പെൻസറി (ഒ. പി.)
[ചട്ടം 4(3) (II), ചട്ടം 4 (4) (I) കാണുക]

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 1 | സ്ഥലസൗകര്യം | കുറഞ്ഞ വിസ്തീർണം: 70 ചതു. അടി |
| 2 | മാനവ വിഭവശേഷി | ഡോക്ടർ: 1 |
| | | പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്: ആവശ്യാനുസരണം |
| | | മൾട്ടിപർപ്പസ് സ്റ്റാഫ്: ആവശ്യാനുസരണം |
| 3 | ചികിത്സാ സംബന്ധിയായ ഉപകരണങ്ങൾ | സ്റ്റെതസ്കോപ്പ് - 1 |
| | | സ്ഫിഗ്മോമാനോമീറ്റർ - 1 |
| | | ടോർച്ച് (മെഡിക്കൽ ഫ്ലാഷ്ലൈറ്റ്) - 1 |
| | | തെർമോമീറ്റർ - 1 |
| | | മെഷറിംഗ് ടേപ്പ് - 1 |
| | | വെയിംഗ് മെഷീൻ - 1<br><br>ഡിജിറ്റൽ വെയിംഗ് മെഷീൻ -1<br><br>(മരുന്നുകൾ അളന്നു നോക്കുന്നതിനായി) |
| | | ഉയരം അളക്കുന്നതിനുള്ള സൗകര്യം - 1 |
| | | ടംഗ് ഡിപ്രസർ - ആവശ്യാനുസരണം |
| | | നീ ഹാമർ – 1 |
| | | എക്സ് റേ വ്യൂ ബോക്സ് - ആവശ്യാനുസരണം |
| | | അഗ്നിശമന സൗകര്യം - ആവശ്യാനുസരണം |
| | | മറ്റുള്ളവ – ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 4 | ഫർണിച്ചർ | ഡോക്ടറുടെ മേശ - 1 |
| | | ഡോക്ടറുടെ കസേര - 1 |
| | | രോഗിയുടെ കസേര/പീഢം - 1 |
| | | പരിചാരകർക്കുള്ള കസേരകൾ - 2 |
| | | പരിശോധനാ മേശ–ആവശ്യാനുസരണം |
| | | ചവിട്ട് പടി–ആവശ്യാനുസരണം |
| | | തൊക്കണം ചെയ്യുന്നതിനുള്ള മേശ–ആവശ്യാനുസരണം |
| | | മരുന്നും ഉപകരണങ്ങളും സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളും മറ്റും –ആവശ്യാനുസരണം |
| 5 | ചികിത്സാ രേഖകൾ രജിസ്റ്ററുകൾ | പ്രിസ്ക്രിപ്ഷൻ ബുക്ക്ലെറ്റ് |
| | | രോഗിയുടെ പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ |
| | | മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ(കൾ) |
| | | റഫറൽസ് രജിസ്റ്റർ(കൾ) – ആവശ്യാനുസരണം |
| | | ബാഹ്യ ചികിത്സാ രജിസ്റ്റർ–ആവശ്യാനുസരണം |
| | | സ്പെഷ്യാലിറ്റി ചികിത്സാ രജിസ്റ്റർ – ആവശ്യാനുസരണം |
| | | രജിസ്റ്ററുകളുടെ രജിസ്റ്റർ – ആവശ്യാനുസരണം |
| 6 | മറ്റ് ഇനം | ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u>:—(1) ഇത് എല്ലാ ആവശ്യകതകളുടെയും പൂർണ്ണമായ പട്ടികയല്ല. നിയന്ത്രിക്കുന്ന/പ്രവർത്തനാനുമതി നല്കുന്ന ചട്ടങ്ങൾക്കനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും ടി സ്ഥാപനത്തിൽ ഒരുക്കേണ്ടതാണ്.

(2) ആവശ്യാനുസരണ സൗകര്യങ്ങൾ:—ചികിത്സാ സ്ഥാപനത്തിൽ സേവനങ്ങൾ സുഗമമായി നടത്തുവാനുപകരിക്കുന്ന, നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

(3) ഐച്ഛിക സൗകര്യങ്ങൾ:—രോഗീപരിചരണമോ ചികിത്സയോ മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ ചേർക്കാവുന്ന നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. ഇത് ഒരു പുതിയ സേവനം നൽകുന്നതിനുള്ള ഒരു അധിക സൗകര്യവും ആകാം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് സ്ഥാപനത്തിന്റെ അധികാരിയുടെ/ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

<u>5. സിദ്ധ സ്പെഷ്യാലിറ്റി ക്ലിനിക്ക് (ഒ. പി.) പാലിക്കേണ്ടതായ നിലവാരങ്ങൾ.—</u>സിദ്ധ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ താഴെപ്പറയുന്ന നിലവാരങ്ങൾ പാലിക്കേണ്ടതാണ്, അതായത്:—

(1) **നിർവചനം**:—സിദ്ധ സ്പെഷ്യാലിറ്റി ക്ലിനിക്ക് എന്നാൽ ഒരു ഡോക്ടറുടെയോ/സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ, ഒന്നോ അതിലധികമോ രോഗങ്ങൾക്കോ/ചികിത്സകൾക്കോ പ്രാധാന്യം നല്കി പ്രവർത്തിക്കുന്ന, വൈദ്യ പരിശോധന, ഔഷധ നിർണയം, ക്ലിനിക്കൽ റെഫറൽ മുതലായ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള സിദ്ധ ചികിത്സാ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഇതിൽ ഫാർമസി, രോഗസ്വഭാവത്തിനനുസൃതമായ ലളിതമായ ബാഹ്യ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ചികിത്സകന്റെ ഇച്ഛാനുസരണം ഉൾപ്പെടുത്താവുന്നതാണ്. ലഭ്യമാക്കുവാനുദ്ദേശിക്കുന്ന സ്പെഷ്യാലിറ്റിയ്ക്കാവശ്യമായ സൗകര്യം സ്ഥാപനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) **അടിസ്ഥാന സേവനങ്ങൾ:—**

(i) വൈദ്യ പരിശോധന;

(ii) ഔഷധ കുറിപ്പ്;

(iii) ഔഷധ വിനിമയം (ഐച്ഛികം);

(iv) സ്പെഷ്യൽറ്റി ചികിത്സ;

(v) ലളിതമായ ബാഹ്യ ചികിത്സാ സൗകര്യം (ഐച്ഛികം);

(vi) ക്ലിനിക്കൽ റെഫറൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) **അടിസ്ഥാനസൗകര്യങ്ങൾ:—**ചട്ടം (4) ഉപചട്ടം (3) ഉം അനുബന്ധം 2 ഉം കാണുക.

(4) **ഫർണിച്ചറുകൾ:—**ചട്ടം (4) ഉപചട്ടം (4) ഉം അനുബന്ധം 2 ഉം കാണുക.

(5) **ചികിത്സാനുബന്ധ ഉപകരണങ്ങൾ:—**ചട്ടം (4) ഉപചട്ടം (5) ഉം അനുബന്ധം 2 ഉം കാണുക.

(6) **നിയമപരമായ ആവശ്യകതകൾ:—**ചട്ടം (4) ഉപചട്ടം (6) കാണുക.

(7) **മാനവ വിഭവശേഷി:—**ചട്ടം (4) ഉപചട്ടം (7) ഉം അനുബന്ധം 2 ഉം കാണുക.

(8) **ചികിത്സാ രേഖകൾ/റെക്കോർഡുകൾ:—**ചട്ടം (4) ഉപചട്ടം (8) ഉം അനുബന്ധം 2 ഉം കാണുക.

(9) **അവകാശങ്ങൾ/ഉത്തരവാദിത്വങ്ങൾ:—**ചട്ടം (4) ഉപചട്ടം (9) കാണുക.

(10) **അടിസ്ഥാന പ്രക്രിയകൾ:—**

(i) രോഗി രജിസ്ട്രേഷൻ;

(ii) വൈദ്യ പരിശോധന, ഔഷധ നിർണയം, ചികിത്സാ നിർദ്ദേശം;

(iii) ഔഷധ വിതരണം;

(iv) പ്രത്യേക ചികിത്സകൾ;

(v) ബാഹ്യ ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(vi) തുടർ ചികിത്സ.

(11) **അണുബാധ നിയന്ത്രണം:—**ചട്ടം (4) ഉപചട്ടം (11) കാണുക.

(12) **സുരക്ഷ നിർദ്ദേശങ്ങൾ:—**ചട്ടം (4) ഉപചട്ടം (12) കാണുക.

(13) **മാലിന്യ സംസ്കരണം:—**ചട്ടം (4) ഉപചട്ടം (13) കാണുക.

(14) **അത്യാഹിത സാഹചര്യ നിർവഹണം:—**ചട്ടം (4) ഉപചട്ടം (14) കാണുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 2

അടിസ്ഥാന സൗകര്യം
സ്പെഷ്യാലിറ്റി ക്ലിനിക്ക് (ഒ. പി.)
(ചട്ടം 5 കാണുക)

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 1 | സ്ഥലസൗകര്യം | കുറഞ്ഞ വിസ്തീർണം: 70 ചതു. അടി |
| | | സ്പെഷ്യൽറ്റി ചികിത്സാ സൗകര്യം/തെറാപ്പി മുറി/മൈനർ ഓപ്പറേഷൻ തീയേറ്റർ — ആവശ്യാനുസരണം |
| 2 | മാനവ വിഭവശേഷി | ഡോക്ടർ/സ്പെഷ്യലിസ്റ്റ്: 1 |
| | | പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്: ആവശ്യാനുസരണം |
| | | മൾട്ടിപർപ്പസ് സ്റ്റാഫ്: ആവശ്യാനുസരണം |
| 3 | ചികിത്സാ സംബന്ധിയായ ഉപകരണങ്ങൾ | സ്റ്റെതസ്കോപ്പ് - 1 |
| | | സ്ഫിഗ്മോമാനോമീറ്റർ - 1 |
| | | ടോർച്ച് (മെഡിക്കൽ ഫ്ലാഷ്ലൈറ്റ്) - 1 |
| | | തെർമോമീറ്റർ - 1 |
| | | മെഷറിംഗ് ടേപ്പ് - 1 |
| | | വെയിംഗ് മെഷീൻ - 1<br>ഡിജിറ്റൽ വെയിംഗ് മെഷീൻ - 1<br>(മരുന്നുകൾ അളന്നു നോക്കുന്നതിനായി) |
| | | ഉയരം അളക്കുന്നതിനുള്ള സൗകര്യം - 1 |
| | | ടംഗ് ഡിപ്രസർ - ആവശ്യാനുസരണം |
| | | നീ ഹാമർ – 1 |
| | | എക്സ് റേ വ്യൂ ബോക്സ് - ആവശ്യാനുസരണം |
| | | അഗ്നിശമന സൗകര്യം - ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 4 | ഫർണിച്ചർ | ഡോക്ടറുടെ മേശ - 1 |
| | | ഡോക്ടറുടെ കസേര - 1 |
| | | രോഗിയുടെ കസേര / പീഢം - 1 |
| | | പരിചാരകർക്കുള്ള കസേരകൾ - 2 |
| | | പരിശോധനാ മേശ - ആവശ്യാനുസരണം |
| | | ചവിട്ട് പടി - ആവശ്യാനുസരണം |
| | | സ്പെഷ്യൽറ്റിയ്ക്ക് ആവശ്യമായ ഫർണിച്ചർ - ആവശ്യാനുസരണം |
| | | മരുന്നും ഉപകരണങ്ങളും സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളും മറ്റും – ആവശ്യാനുസരണം |
| 5 | ചികിത്സാ രേഖകൾ രജിസ്റ്ററുകൾ | പ്രിസ്ക്രിപ്ഷൻ ബുക്ക്ലെറ്റ് |
| | | രോഗിയുടെ പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ |
| | | മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ(കൾ) |
| | | റഫറൽസ് രജിസ്റ്റർ(കൾ) – ആവശ്യാനുസരണം |
| | | സ്പെഷ്യൽറ്റി/ബാഹ്യ ചികിത്സാ രജിസ്റ്റർ - ആവശ്യാനുസരണം |
| | | രജിസ്റ്ററുകളുടെ രജിസ്റ്റർ - ആവശ്യാനുസരണം |

കുറിപ്പ്:–ഇത് എല്ലാ ആവശ്യകതകളുടെയും പൂർണ്ണമായ പട്ടികയല്ല. നിയന്ത്രിക്കുന്ന/ പ്രവർത്തനാനുമതി നല്കുന്ന ചട്ടങ്ങൾക്കനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും സ്ഥാപനത്തിൽ ഒരുക്കേണ്ടതാണ്.

**ആവശ്യാനുസരണ സൗകര്യങ്ങൾ**: ചികിത്സാ സ്ഥാപനത്തിൽ സേവനങ്ങൾ സുഗമമായി നടത്തുവാനുപകരിക്കുന്ന, നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഐച്ഛിക സൗകര്യങ്ങൾ**: രോഗീപരിചരണമോ ചികിത്സയോ മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ ചേർക്കാവുന്ന നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. ഇത് ഒരു പുതിയ സേവനം നൽകുന്നതിനുള്ള ഒരു അധിക സൗകര്യവും ആകാം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് സ്ഥാപനത്തിന്റെ അധികാരിയുടെ/ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

6. പോളി ക്ലിനിക്ക് (ഒ.പി.) പാലിക്കേണ്ടതായ നിലവാരങ്ങൾ.—സിദ്ധ പോളിക്ലിനിക്ക് (ഒ.പി.) താഴെപ്പറയുന്ന നിലവാരങ്ങൾ പാലിക്കേണ്ടതാണ്, അതായത്:—

(1) **നിർവചനം**:—സിദ്ധ പോളിക്ലിനിക്ക് (ഒ.പി.) എന്നാൽ ഒന്നിലധികം ഡോക്ടറുടെയോ/സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, വൈദ്യ പരിശോധന, ഔഷധ നിർണയം, ക്ലിനിക്കൽ റെഫറൽ മുതലായ ഔട്ട് പേഷ്യന്റ് സൌകര്യങ്ങൾ ലഭ്യമായിട്ടുള്ള സിദ്ധ ചികിത്സാ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഇതിൽ ഫാർമസി, രോഗസ്വഭാവത്തിനനുസൃതമായ ലളിതമായ ബാഹ്യ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യം ഇവ ചികിത്സകന്റെ ഇച്ഛാനുസരണം ഉൾപ്പെടുത്താവുന്നതാണ്.

(2) **അടിസ്ഥാന സേവനങ്ങൾ:—**

(i) വൈദ്യ പരിശോധന;

(ii) ഔഷധ കുറിപ്പ്;

(iii) ഔഷധ വിനിമയം;

(iv) ലളിതമായ ബാഹ്യ ചികിത്സാ സൗകര്യം(ഐച്ഛികം);

(v) ക്ലിനിക്കൽ റഫറൽ.

(3) **അടിസ്ഥാന സൗകര്യങ്ങൾ:—**ചട്ടം 4 ഉപചട്ടം (3) ഉം അനുബന്ധം 3 ഉം കാണുക.

(4) **ഫർണിച്ചറുകൾ:—** ചട്ടം 4 ഉപചട്ടം (4) ഉം അനുബന്ധം 3 ഉം കാണുക.

(5) **ചികിത്സാനുബന്ധ ഉപകരണങ്ങൾ:—**ചട്ടം 4 ഉപചട്ടം (5) ഉം അനുബന്ധം 3 ഉം കാണുക.

(6) **നിയമപരമായ ആവശ്യകതകൾ:—** ചട്ടം 4 ഉപചട്ടം (6) കാണുക.

(7) **മാനവ വിഭവശേഷി :—** ചട്ടം 4 ഉപചട്ടം (7) ഉം അനുബന്ധം 3 ഉം കാണുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(8) **ചികിത്സാ രേഖകൾ/റെക്കോർഡുകൾ:** ചട്ടം 4 ഉപചട്ടം (8) ഉം അനുബന്ധം 3 ഉം കാണുക.

(9) **അവകാശങ്ങൾ ഉത്തരവാദിത്വങ്ങൾ:—** ചട്ടം 4 ഉപചട്ടം (9) കാണുക.

(10) **അടിസ്ഥാന പ്രക്രിയകൾ:—**

(I) രോഗി രജിസ്ട്രേഷൻ;

(II)വൈദ്യ പരിശോധന, ഔഷധ നിർണയം, ചികിത്സാ നിർദ്ദേശം;

(III) ഔഷധ വിതരണം;

(IV)പ്രത്യേക ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(V) ബാഹ്യ ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(VI) തുടർ ചികിത്സ.

(11) **അണുബാധ നിയന്ത്രണം:—** ചട്ടം 4 ഉപചട്ടം (11) കാണുക.

(12) **സുരക്ഷ നിർദ്ദേശങ്ങൾ:—** ചട്ടം 4 ഉപചട്ടം (12) കാണുക.

(13) **മാലിന്യ സംസ്കരണം:—** ചട്ടം 4 ഉപചട്ടം (13) കാണുക.

(14) **അത്യാഹിത സാഹചര്യ നിർവഹണം**:— ചട്ടം 4 ഉപചട്ടം (14) കാണുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 3

അടിസ്ഥാന സൗകര്യ മാനദണ്ഡം
പോളി ക്ലിനിക്ക് (ഒ. പി.)
(ചട്ടം 6 കാണുക)

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 1 | സ്ഥലസൗകര്യം | കുറഞ്ഞ വിസ്തീർണം: 70 ചതു. അടി |
| | | സ്പെഷ്യൽറ്റി ചികിത്സാസൗകര്യം/ തെറാപ്പി മുറി / മൈനർ ഓപ്പറേഷൻ തീയേറ്റർ - ആവശ്യാനുസരണം |
| 2 | മാനവ വിഭവശേഷി | ഡോക്ടർ / സ്പെഷ്യലിസ്റ്റ്: 2 |
| | | പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്: ആവശ്യാനുസരണം |
| | | മൾട്ടിപർപ്പസ് സ്റ്റാഫ്: 1 |
| 3 | ചികിത്സാ സംബന്ധിയായ ഉപകരണങ്ങൾ | സ്റ്റെതസ്കോപ്പ് - 1 |
| | | സ്ഫിഗ്മോമാനോമീറ്റർ - 1 |
| | | ടോർച്ച് (മെഡിക്കൽ ഫ്ലാഷ്ലൈറ്റ്) - 1 |
| | | തെർമോമീറ്റർ - 1 |
| | | മെഷറിംഗ് ടേപ്പ് - 1 |
| | | വെയിംഗ് മെഷീൻ - 1<br>ഡിജിറ്റൽ വെയിംഗ് മെഷീൻ - 1<br>(മരുന്നുകൾ അളന്നു നോക്കുന്നതിനായി) |
| | | ഉയരം അളക്കുന്നതിനുള്ള സൗകര്യം - 1 |
| | | ടംഗ് ഡിപ്രസർ - ആവശ്യാനുസരണം |
| | | നീ ഹാമർ – 1 |
| | | എക്സ് റേവ്യൂബോക്സ്-ആവശ്യാനുസരണം |
| | | അഗ്നിശമന സൗകര്യം-ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 4 | ഫർണിച്ചർ | ഡോക്ടറുടെ മേശ - 1 |
| | | ഡോക്ടറുടെ കസേര - 1 |
| | | രോഗിയുടെ കസേര / പീഢം - 1 |
| | | പരിചാരകർക്കുള്ള കസേരകൾ - 2 |
| | | പരിശോധനാ മേശ - ആവശ്യാനുസരണം |
| | | ചവിട്ട് പടി - ആവശ്യാനുസരണം |
| | | സ്പെഷ്യൽറ്റിയ്ക്ക് ആവശ്യമായ ഫർണിച്ചർ– ആവശ്യാനുസരണം |
| | | തൊക്കണം ചെയ്യുന്നതിനുള്ള മേശ– ആവശ്യാനുസരണം |
| | | മരുന്നും ഉപകരണങ്ങളും സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളും മറ്റും–ആവശ്യാനുസരണം |
| 5 | ചികിത്സാ രേഖകൾ രജിസ്റ്ററുകൾ | പ്രിസ്ക്രിപ്ഷൻ ബുക്ക്ലെറ്റ് |
| | | രോഗിയുടെ പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ |
| | | മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ(കൾ) |
| | | റഫറൽസ് രജിസ്റ്റർ(കൾ) –ആവശ്യാനുസരണം |
| | | സ്പെഷ്യൽറ്റി/ബാഹ്യ ചികിത്സാ രജിസ്റ്റർ - ആവശ്യാനുസരണം |
| | | രജിസ്റ്ററുകളുടെ രജിസ്റ്റർ - ആവശ്യാനുസരണം |

കുറിപ്പ്:—(1) ഇത് എല്ലാ ആവശ്യകതകളുടെയും പൂർണ്ണമായ പട്ടികയല്ല. നിയന്ത്രിക്കുന്ന/പ്രവർത്തനാനുമതി നല്കുന്ന ചട്ടങ്ങൾക്കനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും ടി സ്ഥാപനത്തിൽ ഒരുക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) **ആവശ്യാനുസരണ സൗകര്യങ്ങൾ**: ചികിത്സാ സ്ഥാപനത്തിൽ സേവനങ്ങൾ സുഗമമായി നടത്തുവാനുപകരിക്കുന്ന, നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

(3) **ഐച്ഛിക സൗകര്യങ്ങൾ**: രോഗീപരിചരണമോ ചികിത്സയോ മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ ചേർക്കാവുന്ന നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. ഇത് ഒരു പുതിയ സേവനം നൽകുന്നതിനുള്ള ഒരു അധിക സൗകര്യവും ആകാം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് സ്ഥാപനത്തിന്റെ അധികാരിയുടെ/ഡോക്ടറുടെ/ സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

7. സിദ്ധ തെറാപ്പി സെന്റർ (ഒ. പി.) പാലിക്കേണ്ട നിലവാരങ്ങൾ.—സിദ്ധ തെറാപ്പി സെന്ററുകൾ (ഒ. പി) താഴെപ്പറയുന്ന നിലവാരങ്ങൾ പാലിക്കേണ്ടതാണ്, അതായത്:—

(1) **നിർവചനം**: ഒന്നോ അതിലധികമോ ഡോക്ടറുടെയോ/ സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, സിദ്ധ ബാഹ്യ ചികിത്സാ ക്രമങ്ങൾക്ക് പ്രാധാന്യം നല്കുന്ന, വൈദ്യ പരിശോധന, ഔഷധ നിർണയം, ഔഷധ വിനിമയം, ക്ലിനിക്കൽ റെഫറൽ മുതലായ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള സിദ്ധ ചികിത്സാ സ്ഥാപനങ്ങൾ. ലഭ്യമാക്കുവാനുദ്ദേശിക്കുന്ന ബാഹ്യ ചികിത്സാ സേവനങ്ങൾക്ക് അവശ്യമായ സൗകര്യങ്ങൾ ടി കേന്ദ്രത്തിൽ ഉണ്ടായിരിക്കണം.

(2) **അടിസ്ഥാന സേവനങ്ങൾ:**

(i) വൈദ്യ പരിശോധന;

(ii) സിദ്ധ ബാഹ്യ ചികിത്സ;

(iii) ഔഷധ കുറിപ്പ്;

(iv) ഔഷധ വിനിമയം;

(v) ക്ലിനിക്കൽ റെഫറൽ.

(3) **അടിസ്ഥാന സൗകര്യങ്ങൾ:—** ചട്ടം 4 ഉപചട്ടം (3) ഉം അനുബന്ധം 4 ഉം കാണുക.

(4) **ഫർണിച്ചറുകൾ:—** ചട്ടം 4 ഉപചട്ടം (4) ഉം അനുബന്ധം 4 ഉം കാണുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) **ചികിത്സാനുബന്ധ ഉപകരണങ്ങൾ:—** ചട്ടം 4 ഉപചട്ടം (5) ഉം അനുബന്ധം 4 ഉം കാണുക.

(6) **നിയമപരമായ ആവശ്യകതകൾ:—** ചട്ടം 4 ഉപചട്ടം (6) കാണുക.

(7) **മാനവ വിഭവശേഷി:—**ചട്ടം 4 ഉപചട്ടം (7) ഉം കാണുക.

(8) **ചികിത്സാ രേഖകൾ/റെക്കോർഡുകൾ:—** ചട്ടം 4 ഉപചട്ടം (8) ഉം അനുബന്ധം 4 ഉം കാണുക.

(9) **അവകാശങ്ങൾ ഉത്തരവാദിത്വങ്ങൾ:—** ചട്ടം 4 ഉപചട്ടം (9) കാണുക.

(10) **അടിസ്ഥാന പ്രക്രിയകൾ:—**

(i) രോഗി രജിസ്ട്രേഷൻ;

(ii) വൈദ്യ പരിശോധന, ഔഷധ നിർണയം, ചികിത്സാ നിർദ്ദേശം;

(iii) ഔഷധ വിതരണം;

(iv) പ്രത്യേക ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(v) ബാഹ്യ ചികിത്സകൾ (ലഭ്യമാണെങ്കിൽ);

(vi) തുടർ ചികിത്സ.

(11) **അണുബാധ നിയന്ത്രണം:—**ചട്ടം 4 ഉപചട്ടം (11) കാണുക.

(12) **സുരക്ഷ നിർദ്ദേശങ്ങൾ:—** ചട്ടം 4 ഉപചട്ടം (12) കാണുക.

(13) **മാലിന്യ സംസ്കരണം:—** ചട്ടം 4 ഉപചട്ടം (13) കാണുക.

(14) **അത്യാഹിത സാഹചര്യ നിർവഹണം:—** ചട്ടം 4 ഉപചട്ടം (14) കാണുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 4

അടിസ്ഥാന സൗകര്യം
തെറാപ്പി സെന്റർ (ഒ. പി.)
(ചട്ടം 7 കാണുക)

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 1 | സ്ഥലസൗകര്യം | കുറഞ്ഞ വിസ്തീർണം: 150 ചതു. അടി (ശുചിമുറിയോട് കൂടിയ തെറാപ്പി മുറി ഉൾപ്പെടെ) |
| 2 | മാനവ വിഭവശേഷി | ഡോക്ടർ / സ്പെഷ്യലിസ്റ്റ്: 1 |
| | | പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫ്: ആവശ്യാനുസരണം |
| | | മൾട്ടിപർപ്പസ് സ്റ്റാഫ്: ആവശ്യാനുസരണം |
| 3 | ചികിത്സാ സംബന്ധിയായ ഉപകരണങ്ങൾ | സ്റ്റെതസ്കോപ്പ് - 1 |
| | | സ്ഫിഗ്മോമാനോമീറ്റർ - 1 |
| | | ടോർച്ച് (മെഡിക്കൽ ഫ്ലാഷ്ലൈറ്റ്) - 1 |
| | | തെർമോമീറ്റർ - 1 |
| | | മെഷറിംഗ് ടേപ്പ് - 1 |
| | | വെയിംഗ് മെഷീൻ - 1<br>ഡിജിറ്റൽ വെയിംഗ് മെഷീൻ -1<br>(മരുന്നുകൾ അളന്നു നോക്കുന്നതിനായി) |
| | | ഉയരം അളക്കുന്നതിനുള്ള സൗകര്യം - 1 |
| | | ടംഗ് ഡിപ്രസർ - ആവശ്യാനുസരണം |
| | | നീ ഹാമർ – 1 |
| | | എക്സ് റേ വ്യൂ ബോക്സ് - ആവശ്യാനുസരണം |
| | | അഗ്നിശമന സൗകര്യം - ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | ഇനം | അടിസ്ഥാന സൗകര്യം |
|---|---|---|
| 4 | ഫർണിച്ചർ | ഡോക്ടറുടെ മേശ - 1 |
| | | ഡോക്ടറുടെ കസേര - 1 |
| | | രോഗിയുടെ കസേര / പീഢം - 1 |
| | | പരിചാരകർക്കുള്ള കസേരകൾ - 2 |
| | | പരിശോധനാ മേശ - ആവശ്യാനുസരണം |
| | | ചവിട്ട് പടി - ആവശ്യാനുസരണം |
| | | തൊക്കണം ചെയ്യുന്നതിനുള്ള മേശ - 1 |
| | | മരുന്നും ഉപകരണങ്ങളും സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളും മറ്റും – ആവശ്യാനുസരണം |
| 5 | ചികിത്സാ രേഖകൾ രജിസ്റ്ററുകൾ | പ്രിസ്ക്രിപ്ഷൻ ബുക്ക്‌ലെറ്റ് |
| | | രോഗിയുടെ പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ |
| | | മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ(കൾ) |
| | | റഫറൽസ് രജിസ്റ്റർ(കൾ) – ആവശ്യാനുസരണം |
| | | ബാഹ്യ ചികിത്സാ രജിസ്റ്റർ |
| | | സ്പെഷ്യൽറ്റി ചികിത്സാ രജിസ്റ്റർ - ആവശ്യാനുസരണം |
| | | രജിസ്റ്ററുകളുടെ രജിസ്റ്റർ - ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ്:—(1) ഇത് എല്ലാ ആവശ്യകതകളുടെയും പൂർണ്ണമായ പട്ടികയല്ല. നിയന്ത്രിക്കുന്ന/പ്രവർത്തനാനുമതി നല്കുന്ന ചട്ടങ്ങൾക്കനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും ടി സ്ഥാപനത്തിൽ ഒരുക്കേണ്ടതാണ്.

(2) ആവശ്യാനുസരണ സൗകര്യങ്ങൾ: ചികിത്സാ സ്ഥാപനത്തിൽ സേവനങ്ങൾ സുഗമമായി നടത്തുവാനുപകരിക്കുന്ന, നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

(3) ഐച്ഛിക സൗകര്യങ്ങൾ: രോഗീപരിചരണമോ ചികിത്സയോ മെച്ചപ്പെടുത്തുന്നതിനായി സ്ഥാപനത്തിൽ ചേർക്കാവുന്ന നിർബന്ധിതമല്ലാത്ത സൗകര്യം/സേവനം. ഇത് ഒരു പുതിയ സേവനം നൽകുന്നതിനുള്ള ഒരു അധിക സൗകര്യവും ആകാം. അത്തരത്തിലുള്ള സൗകര്യം/സേവനം ചേർക്കണമോ വേണ്ടയോ എന്നത് സ്ഥാപനത്തിന്റെ അധികാരിയുടെ/ഡോക്ടറുടെ/ സ്പെഷ്യലിസ്റ്റിന്റെ വിവേചനാധികാരമാണ്.

8. സിദ്ധ ഹോസ്പിറ്റൽ (ആശുപത്രി) പാലിക്കേണ്ടതായ നിലവാരങ്ങൾ.—സിദ്ധ ഹോസ്പിറ്റലുകൾ (ആശുപത്രി) താഴെപ്പറയുന്ന നിലവാരങ്ങൾ പാലിക്കേണ്ടതാണ്. അതായത്:—

(1) **നിർവചനം**:—ഒന്നോ അതിലധികമോ ഡോക്ടറുടെയോ/ സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, പൊതു /പ്രത്യേക ചികിത്സ, പത്ഥ്യാഹാരം മുതലായ സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്ന, രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുള്ള ചികിത്സാ കേന്ദ്രങ്ങളാണ് സിദ്ധ ആശുപത്രികൾ.

(2) **അടിസ്ഥാന സേവനങ്ങൾ:—**

(i) ഔട്ട് പേഷ്യന്റ് ഡിപാർട്ടുമെന്റ് (ഒ. പി. ഡി.)—

(എ) വൈദ്യ പരിശോധന;

(ബി) ഔഷധ നിർണ്ണയം;

(സി) ഫാർമസി;

(ഡി) ലളിതമായ ബാഹ്യ ചികിത്സാ സൗകര്യം;

(ഇ) പൊതു / പ്രത്യേക ചികിത്സ;

(എഫ്) വിദഗ്ദ്ധ വൈദ്യ പരിശോധനകൾക്കും എക്സ്റേ മുതലായ ഇമേജിംഗ് പരിശോധനകൾക്കുമുള്ള സൗകര്യം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജി) അവസര മരുത്വം—പ്രാഥമിക ചികിത്സാ സൗകര്യം (ഐച്ഛിക സൗകര്യങ്ങൾ);

(എച്ച്) യോഗ, പത്ഥ്യാഹാര ക്രമം, ജീവിതശൈലി രൂപീകരണം, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ മുതലായവ സംബന്ധിച്ച് രോഗികൾക്ക് വിശദീകരിക്കുന്നതിനുള്ള സൗകര്യം;

(ഐ) ക്ലിനിക്കൽ റഫറൽ.

(ii) ഇൻ പേഷ്യന്റ് ഡിപാർട്ടുമെന്റ് (ഐ. പി. ഡി.)

(എ) വൈദ്യ പരിശോധന;

(ബി) ഔഷധ നിർണ്ണയം;

(സി) ഔഷധ വിതരണം;

(ഡി) പത്ഥ്യാഹാരം;

(ഇ) പൊതു / പ്രത്യേക ചികിത്സ;

(എഫ്) സിദ്ധ ബാഹ്യ ചികിത്സ;

(ജി) വ്യവസ്ഥിതമായ വൈദ്യപരിശോധന, 24 മണിക്കൂറും വൈദ്യസഹായം;

(എച്ച്) വിദഗ്ധ വൈദ്യ പരിശോധനകൾക്കും എക്സ്റേ മുതലായ ഇമേജിംഗ് പരിശോധനകൾക്കുമുള്ള സൗകര്യം;

(ഐ) അവസര മരുത്വം — പ്രാഥമിക ചികിത്സാ സൗകര്യം (ഐച്ഛിക സൗകര്യങ്ങൾ);

(ജെ) യോഗ, പത്ഥ്യാഹാര ക്രമം, ജീവിതശൈലി രൂപീകരണം, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ മുതലായവ; സംബന്ധിച്ച് രോഗികൾക്ക് വിശദീകരിക്കുന്നതിനുള്ള സൗകര്യം;

(കെ) ക്ലിനിക്കൽ റഫറൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) **തരം തിരിക്കൽ:—**സിദ്ധ ആശുപത്രികൾ നൽകുന്ന പരിചരണം, കിടക്കകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആശുപത്രികളെ താഴെപ്പറയും പ്രകാരം തരം തിരിക്കാവുന്നതാണ്;

| ക്രമ നമ്പർ | ഉപവിഭാഗം | ബെഡിന്റെ എണ്ണം |
|---|---|---|
| 1 | ഉപവിഭാഗം 1 | പരമാവധി 10 |
| 2 | ഉപവിഭാഗം 2 | 11 - 25 |
| 3 | ഉപവിഭാഗം 3 | 26 - 50 |
| 4 | ഉപവിഭാഗം 4 | 51 - 100 |
| 5 | ഉപവിഭാഗം 5 | 100 ൽ അധികം |

(4) **അടിസ്ഥാന സൗകര്യങ്ങൾ:—**

**(I) പൊതുനിർദ്ദേശങ്ങൾ,—**

(എ) രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതമായ ഭൗതിക സാഹചര്യം. ഒരുക്കുകയും പരിസരം ശുചിയായി സൂക്ഷിക്കുകയും വേണം ;

(ബി) അനുബന്ധം 5 പ്രകാരമുള്ള സ്ഥലസൗകര്യം ഉണ്ടായിരിക്കേണ്ടതാണ്;

(സി) കാറ്റും വെളിച്ചവും കടക്കുവാനുള്ള സൗകര്യം. വൈദ്യുതി, കുടിവെള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(ഡി) പ്രവേശന കവാടത്തിലോ കെട്ടിടത്തിന് മുന്നിലോ ചികിത്സാ കേന്ദ്രത്തിന്റെ പേര് ഇംഗ്ലീഷിലും പ്രാദേശിക ഭാഷയിലും ആലേഖനം ചെയ്യുന്ന ബോർഡ് / സൈനേജ് ഉണ്ടായിരിക്കേണ്ടതാണ്;

(ഇ) ലഭ്യമാക്കുന്ന ചികിത്സകരുടെ പേര്, സമയ ക്രമം, ലഭ്യമായ സേവനങ്ങൾ, പരിശോധനകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഫീസ് നിരക്ക് (സേവനം ലഭ്യമാണെങ്കിൽ), ചികിത്സകൾ ഫാർമസി പരിശോധനകൾ ഇവയുടെ സമയക്രമം മുതലായവ വ്യക്തമാക്കുന്ന ബോർഡ്/സൈനേജുകൾ അതാത് സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്;

(എഫ്) ലഭ്യമായിട്ടുള്ള ലൈസൻസ്/അനുമതി/രജിസ്ട്രേഷൻ/സർട്ടിഫിക്കറ്റ് ഇവയുടെ പകർപ്പുകൾ പ്രദർശിപ്പിച്ചിട്ടുണ്ടാകണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജി) സമീപ പ്രദേശത്തും നിരത്തിനരികിലും ഹോസ്പിറ്റലിന്റെ പേരും മേൽ വിലാസവും മറ്റും ഇംഗ്ലീഷിലും പ്രാദേശിക ഭാഷയിലും ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്;

(എച്ച്) ഹോസ്പിറ്റലിന്റെ രൂപരേഖ ശ്രദ്ധിക്കപ്പെടും വിധം ഒരിടത്തെങ്കിലും പ്രദർശിപ്പിക്കേണ്ടതാണ്;

(ഐ) കവാടങ്ങളും ഇടനാഴികളും വീൽ ചെയറുകളുടെ സഞ്ചാരത്തിന് യോജ്യമായിരിക്കേണ്ടതാണ്;

(ജെ) ചുവടെ ചേർത്തിരിക്കുന്നതിൻ പ്രകാരം ആശുപത്രികളിൽ പ്രത്യേക ബ്ലോക്കുകളോ/ഏരിയകളോ സജ്ജമാക്കേണ്ടതാണ്.

(1) ആശുപത്രി അഡ്മിനിസ്ട്രേഷൻ/അനുബന്ധ സേവനങ്ങൾ: ചുവടെപ്പറയുന്ന സൗകര്യങ്ങൾ/സേവനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) ജനറൽ അഡ്മിനിസ്ട്രേഷൻ—അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾക്കുള്ള മുറികളും ക്യാബിനുകളും, അക്കൗണ്ടുകളും ഓഡിറ്റും, പേഴ്സണൽ മാനേജ്മെന്റ്, ഗ്രീവൻസ് മാനേജ്മെന്റ് പബ്ലിക് റിലേഷൻസ് തുടങ്ങിയവ;

(ബി) റിസപ്ഷൻ, രജിസ്ട്രേഷൻ, റെക്കോർഡ് റൂം;

(സി) മെറ്റീരിയൽസ് മാനേജ്മെന്റും ഇൻവെന്ററി നിയന്ത്രണവും;

(ഡി) ജനറൽ സ്റ്റോറുകൾ;

(ഇ) സെക്യൂരിറ്റി;

(എഫ്) ഹൗസ് കീപ്പിംഗ് സൗകര്യം.

(2) ഒ. പി. ഡി:—ചുവടെപ്പറയുന്ന സൗകര്യങ്ങൾ/സേവനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) ഫാർമസി;

(ബി) വൈദ്യ പരിശോധനാമുറി(കൾ);

(സി) രോഗികളുടെ കാത്തിരിപ്പ് മേഖല(കൾ);

(ഡി) അവസര മരുത്വം — പ്രാഥമിക ശുശ്രൂഷാ സൗകര്യങ്ങൾ (ഐച്ഛികം);

(ഇ) സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്‌ലറ്റുകൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) ഐ. പി. ഡി:—ചുവടെപ്പറയുന്ന സൗകര്യങ്ങൾ/സേവനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:—

(എ) ടോയ്‌ലറ്റും ബാത്ത്റൂം സൗകര്യവും ഉള്ള വാർഡ്(കൾ)/മുറി(കൾ);

(ബി) ടോയ്‌ലറ്റും ബാത്ത്റൂം സൗകര്യവും ഉള്ള ഡ്യൂട്ടി ഡോക്ടർ(മാർ)ക്കുള്ള മുറി;

(സി) നഴ്സസ് സ്റ്റേഷൻ—ടോയ്‌ലറ്റും ബാത്ത്റൂം സൗകര്യവും ഉള്ള ഡ്യൂട്ടി നഴ്സുമാർക്കുള്ള മുറി, മരുന്ന് സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ, ഐ. പി. ഡി. റെക്കോർഡുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം;

(ഡി) ലിനൻ സ്റ്റോർ റൂം(കൾ).

(4) മൈനർ ഓപ്പറേഷൻ തിയേറ്റർ (മൈനർ ഒ. ടി.):—ചുവടെപ്പറയുന്ന സേവനങ്ങൾ /സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) അറുവൈ, അഗ്നി, കാരം മുതലായ സിദ്ധ ശസ്ത്രക്രിയാ ചികിത്സകൾ നടത്തുന്നതിനുള്ള സൗകര്യം;

(ബി) ടോയ്‌ലറ്റും ബാത്ത്റൂം സൗകര്യവും;

(സി) പ്രത്യേക സ്റ്റെറിലൈസേഷൻ/ഓട്ടോക്ലേവ് സൗകര്യം.

(5) തെറാപ്പി മുറി(കൾ):—ചുവടെപ്പറയുന്ന സേവനങ്ങൾ/സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) വർമ്മം, പുറമരുത്വം (സിദ്ധയിലെ 32 ബാഹ്യചികിത്സകൾ), സിറപ്പ് മരുതുവം (പ്രത്യേക ചികിത്സാ ക്രമങ്ങൾ) നടത്തുന്നതിനുള്ള സൗകര്യം;

(ബി) ടോയ്‌ലറ്റും ബാത്ത്റൂം സൗകര്യവും.

(6) ഔഷധ നിർമാണശാല: ഡോക്ടറുടെ ഉപദേശപ്രകാരം പ്രത്യേക മരുന്നുകൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം.

(7) ക്ലിനിക്കൽ ലബോറട്ടറി:—

(എ) ഹെമറ്റോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി, പാത്തോളജി പരിശോധനാ സൗകര്യം;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ഇ.സി.ജി സൗകര്യം;

എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(8) റേഡിയോളജി/സോണോഗ്രഫി വിഭാഗം:—എക്സ്-റേ, അൾട്രാ സോണോഗ്രാം തുടങ്ങിയവയ്ക്കുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

(9) യോഗ തെറാപ്പിക്കുള്ള സൗകര്യം:—യോഗ ചെയ്യുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള ഒരു പ്രത്യേക/അധിക സൗകര്യം.

(10) എഞ്ചിനീയറിംഗ്, അനുബന്ധ സേവനങ്ങൾ:—ചുവടെപ്പറയുന്ന സൗകര്യങ്ങൾ/ സേവനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) കെട്ടിട പരിപാലനം;

(ബി) മെയിന്റനൻസ് സൗകര്യം;

(സി) വൈദ്യുത വിതരണം;

(ഡി) അഗ്നി സംരക്ഷണം;

(ഇ) ഉചിതമായ മാലിന്യ സംസ്കരണ സൗകര്യം(കൾ);

(എഫ്) കുടിവെള്ള വിതരണം;

(ജി) ചൂടുവെള്ള സൗകര്യം;

(എച്ച്) സ്റ്റെറിലൈസേഷൻ / ഓട്ടോക്ലേവ് യൂണിറ്റ്;

(ഐ) മതിയായ ഹീറ്റിംഗ്, വെന്റിലേഷൻ ആന്റ് എയർ കണ്ടീഷനിംഗ് സൗകര്യം;

(ജെ) ലിഫ്റ്റ് അല്ലെങ്കിൽ മറ്റ് ലംബ ഗതാഗത സൗകര്യം;

(കെ) എൽ. പി. ജി. വിതരണം;

(എൽ) മെഡിക്കൽ ഗ്യാസ് സപ്ലൈ & വാക്വം യൂണിറ്റ്;

(എം) റഫ്രിജറേഷൻ;

(എൻ) ടെലിഫോൺ & ആശയവിനിമയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(11) മറ്റ് സേവനങ്ങൾ/സൗകര്യങ്ങൾ:—ചുവടെപ്പറയുന്ന മറ്റ് സൗകര്യങ്ങൾ/ സേവനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) തുണി അലക്കുവാനുള്ള സൗകര്യം;

(ബി) ആശുപത്രി അടുക്കള;

(സി) ആംബുലൻസ് സേവനം;

(ഡി) പാർക്കിംഗ് സൗകര്യം.

**(II) പ്രത്യേക നിർദ്ദേശങ്ങൾ:—**

(എ) റിസപ്ഷൻ, രജിസ്ട്രേഷൻ, റെക്കോർഡ് റൂം,—

(1) രജിസ്ട്രേഷൻ കൗണ്ടറും റെക്കോർഡ് റൂമും കാത്തിരിപ്പ് കേന്ദ്രത്തിന്റെ ഒരറ്റത്ത് സ്ഥിതിചെയ്യണം;

(2) ആവശ്യകതയും ലഭ്യമായ സൗകര്യങ്ങൾക്കുമനുസരിച്ച് എഴുതിയതും ഇലക്ട്രോണിക്കുമായുള്ള എല്ലാ രേഖകളും സൂക്ഷിക്കണം;

(3) റിസപ്ഷനിലും റെക്കോർഡ് റൂമിലും മതിയായ സൗകര്യങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കണം;

(4) രജിസ്ട്രേഷൻ കൗണ്ടറും മെഡിക്കൽ റെക്കോർഡ് റൂമും തമ്മിൽ വ്യക്തമായി വേർതിരിവുണ്ടാകണം;

(5) ടെലിഫോൺ/മറ്റ് ആശയവിനിമയ സൗകര്യങ്ങൾ ലഭ്യമാക്കണം.

(ബി) ഫാർമസി,—

(1) എല്ലാ ആശുപത്രികളിലും പ്രത്യേക ഫാർമസി സൗകര്യം ഒരുക്കണം;

(2) ഔഷധ സംയോജന സൗകര്യം ഒരുക്കേണ്ടതുണ്ട്—ഇലക്ട്രോണിക് വെയിംഗ് മെഷീൻ, മോർട്ടാർ ആൻഡ് പെസ്റ്റിൽ, പാക്കേജിംഗ് സൗകര്യം എന്നിവ;

(3) ഒരു ഡോക്ടറുടെ/സ്പെഷ്യലിസ്റ്റിന്റെ കുറിപ്പടി പ്രകാരം മാത്രമേ മരുന്നുകൾ വിതരണം ചെയ്യാവൂ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) മരുന്നുകൾ സൂക്ഷിക്കുവാൻ വൃത്തിയുള്ളതും മതിയായ വായു സഞ്ചാരവും വെളിച്ചവും ലഭിക്കുന്നതുമായ ഒരു സുരക്ഷിതസ്ഥാനം ഒരുക്കുക;

(5) ബില്ലിംഗ് സൗകര്യം;

(6) മരുന്നുകളുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുക.

(സി) വൈദ്യപരിശോധനാ മുറി(കൾ),—

(1) മതിയായ ഫർണിച്ചറുകൾ, ക്ലിനിക്കൽ ഉപകരണങ്ങൾ രോഗികളുടെ പരിശോധന, ഔഷധ കുറിപ്പ് മുതലായവ ഉണ്ടായിരിക്കണം.

(2) ലഭ്യമായ സൗകര്യങ്ങൾക്ക് അനുസരിച്ച്, ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും അനുബന്ധ മേഖലകളും വികസിപ്പിക്കാവുന്നതാണ്.

(ഡി) രോഗികളുടെ കാത്തിരിപ്പ് സൗകര്യം,—

(1) ഒ. പി. ഡി. കളുടെ എണ്ണത്തിനനുസരിച്ച് രോഗികൾക്കും പരിചാരകർക്കും ശരിയായ ഇരിപ്പിടം ഉണ്ടായിരിക്കണം;

(2) കാത്തിരിപ്പ് സ്ഥലത്ത് സുഖപ്രദമായ ഇരിപ്പിടങ്ങൾ ക്രമീകരിക്കണം;

(3) വെളിച്ചവും വായുസഞ്ചാരവും ഉണ്ടായിരിക്കണം;

(4) ആരോഗ്യ വിദ്യാഭ്യാസം/ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ പ്രവർത്തനങ്ങൾക്കായി വെയിറ്റിംഗ് ഏരിയ ഉപയോഗിക്കാം;

(5) ആശയവിനിമയ സൗകര്യം വെവ്വേറെയോ റിസപ്ഷനുമായി ബന്ധിപ്പിച്ചോ നൽകണം;

(6) മതിയായ ടോയ്‌ലറ്റ് സൗകര്യം ഒരുക്കണം;

(7) വീൽ ചെയറുകൾക്കും ട്രോളികൾക്കുമുള്ള സൗകര്യം ഉണ്ടായിരിക്കണം;

(8) കുടിവെള്ള സൗകര്യം ഒരുക്കണം.

(ഇ) ടോയ്‌ലറ്റും ബാത്ത്റൂം സൗകര്യവും ഉള്ള വാർഡ്(കൾ)/മുറി(കൾ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1) എല്ലാ വാർഡുകൾക്കും മുറികൾക്കും കിടക്കകൾക്കും നമ്പർ നൽകണം;

(2) വായുവും വെളിച്ചവും കടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം;

(3) ആനുകാലിക അണുവിമുക്തമാക്കൽ നടപടിക്രമങ്ങൾ പാലിക്കണം;

(4) കുറഞ്ഞത് 1.25 മീറ്റർ അകലത്തിലും 0.65 മീറ്റർ അകലത്തിലും കിടക്കകൾ ക്രമീകരിക്കണം;

(5) കട്ടിലിനും പാർശ്വഭിത്തിയ്ക്കും ഇടയിലും കിടക്കയ്ക്കും രേഖാംശ മതിലിനുമിടയിൽ 0.25 മീ. അകലം ഉണ്ടായിരിക്കണം.

(5) **ഫർണിച്ചറുകൾ:—** ചട്ടം 4 ഉപചട്ടം (4) ഉം അനുബന്ധം 5 ഉം കാണുക.

(6) **ചികിത്സാനുബന്ധ ഉപകരണങ്ങൾ:—** ചട്ടം 4 ഉപചട്ടം (5) ഉം അനുബന്ധം 5ഉം കാണുക.

(7) **നിയമപരമായ ആവശ്യകതകൾ:—** ചട്ടം 4 ഉപചട്ടം (6) കാണുക.

(8) **മാനവ വിഭവശേഷി:—**

(i) ചികിത്സാ കേന്ദ്രത്തിൽ ലഭ്യമാക്കുവാനുദ്ദേശിക്കുന്ന സേവനങ്ങൾക്ക് മതിയായ യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്;

(ii) സ്ഥാപനത്തിൽ ഡോക്ടർ/സ്പെഷ്യലിസ്റ്റ് സ്ഥാപനപരമായ യോഗ്യതയും പരിശീലനവും ഉള്ളവരായിരിക്കണം;

(iii) പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫും (ഫാർമസി/നഴ്സിംഗ്/ സിദ്ധ തെറാപ്പി മുതലായവ) മൾട്ടി പർപ്പസ് സ്റ്റാഫും മുകളിൽ നിർവചിച്ച പ്രകാരം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും കഴിവും ഉണ്ടായിരിക്കണം;

(iv) ഓരോ സ്റ്റാഫിനും (കരാർ ജീവനക്കാർ ഉൾപ്പെടെ), അപ്പോയിന്റ്മെന്റ് ഓർഡർ, യോഗ്യതയുടെ ഡോക്യുമെന്ററി തെളിവുകൾ കൂടാതെ പരിശീലനം (ബാധകമായ പ്രൊഫഷണൽ രജിസ്ട്രേഷനും) പോലുള്ള രേഖകൾ അടങ്ങുന്ന വ്യക്തിഗത റെക്കോർഡ് ഉണ്ടായിരിക്കണം;

(v) പ്യൂൺ, അറ്റൻഡർ, സ്വീപ്പർ, സെക്യൂരിറ്റി, വാഷർമാൻ, കുക്ക്, സാനിറ്റേഷൻ വർക്കർ, ഇലക്ട്രീഷ്യൻ, പ്ലംബർ തുടങ്ങിയ നോൺ-ടെക്നിക്കൽ സ്റ്റാഫുകളെ പുറമെ നിന്നും എടുക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9) **ചികിത്സാ രേഖകൾ/റെക്കോർഡുകൾ:—**

(i) രോഗനിർണയം, വൈദ്യപരിശോധനാ ഫലം, നൽകിയ ചികിത്സ, ഡിസ്ചാർജ് ചെയ്യുമ്പോഴുള്ള അവസ്ഥ, രോഗികൾക്ക് നൽകുന്ന ഉപദേശം എന്നിവ സംബന്ധിച്ച്, നിയമങ്ങൾക്കനുസൃതമായി ഓരോ ക്ലിനിക്കൽ സ്ഥാപനവും രോഗികളുടെ മെഡിക്കൽ രേഖകൾ സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ ഒരു പകർപ്പ് ആവശ്യപ്പെടുന്ന പക്ഷം രോഗിക്കോ ബന്ധുക്കൾക്കോ സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

(ii) സ്ഥാപനത്തിന്റെ സൗകര്യങ്ങൾക്കനുസരിച്ച് ആവശ്യമായ അഡ്മിനിസ്ട്രേറ്റീവ് രേഖകൾ സൂക്ഷിക്കേണ്ടതാണ്.

(iii) എല്ലാ രേഖകളും ലിഖിതമായി വയ്ക്കുന്നത് കൂടാതെ ഡിജിറ്റൽ ഫോർമാറ്റിൽ കൂടി സൂക്ഷിക്കേണ്ടതാണ്;

(iv) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തരാവസ്ഥയിലോ ദുരന്തത്തിലോ പകർച്ചവ്യാധി സാഹചര്യത്തിലോ സംസ്ഥാന-ദേശീയ പരിപാടികളുടെ കാര്യത്തിലോ സമയാസമയങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സമർപ്പിക്കുന്നതിന് ഉത്തരവാദികളായിരിക്കും;

(v) ഐ. പി. ഡി. രോഗികളുടെ മെഡിക്കൽ രേഖകൾ ദേശീയ/പ്രാദേശിക നിയമത്തിനും കോടതി ഉത്തരവുകൾക്കും അനുസൃതമായി സൂക്ഷിക്കേണ്ടതാണ്.

(10) **അവകാശങ്ങൾ/ഉത്തരവാദിത്വങ്ങൾ:—**ചട്ടം 4 ഉപചട്ടം (9) കാണുക,—രേഖകളുടെ രഹസ്യാത്മകതയും സുരക്ഷയും സമഗ്രതയും ആശുപത്രി ഉറപ്പാക്കണ്ടതാണ്.

(11) **അടിസ്ഥാന പ്രക്രിയകൾ:—**

(i) ഔട്ട് പേഷ്യന്റ് ഡിപ്പാർട്ടുമെന്റ്:—

(എ) രോഗികളുടെ രജിസ്ട്രേഷൻ;

(ബി) രോഗീ പരിശോധന, കുറിപ്പടി, മെഡിക്കൽ ഉപദേശം;

(സി) പ്രാഥമിക ശുശ്രൂഷ, ബാഹ്യവും പ്രത്യേകവുമായ ചികിത്സകൾ;

(ഡി) ലഘുവായ ശസ്ത്രക്രിയാ പ്രക്രിയകൾ (ഐച്ഛികം);

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇ) മരുന്ന് വിതരണം;

(എഫ്) തുടർ പരിശോധനയും ചികിത്സകളും.

(ii) ഇൻ പേഷ്യന്റ് ഡിപ്പാർട്ടുമെന്റ്:—

(എ) രോഗിയെ ഐ. പി. യിലേയ്ക്ക് പ്രവേശിപ്പിക്കൽ;

(ബി) ചികിത്സ, പത്ഥ്യാഹാരം, ലബോറട്ടറി പരിശോധന, റെക്കോർഡുകൾ സൂക്ഷിക്കുക മുതലായ ഐ.പി. സേവനങ്ങൾ;

(സി) ക്ലിനിക്കൽ റഫറൽ;

(ഡി) ഡിസ്ചാർജ്;

(ഇ) തുടർ പരിശോധനയും ചികിത്സകളും.

(12) **അണുബാധ നിയന്ത്രണം:**—ചട്ടം 4 ഉപചട്ടം (11) കാണുക.

(13) **സുരക്ഷ നിർദ്ദേശങ്ങൾ:**—ചട്ടം 4 ഉപചട്ടം (12) കാണുക.

(14) **മാലിന്യ സംസ്കരണം:**—ചട്ടം 4 ഉപചട്ടം (13) കാണുക.

(15) **അത്യാഹിത സാഹചര്യ നിർവഹണം:**—ചട്ടം 4 ഉപചട്ടം (14) കാണുക.

**അനുബന്ധം - 5**

രജിസ്റ്ററുകൾ [ചട്ടം 4 (9) (i)കാണുക]

| നമ്പർ | രജിസ്റ്ററിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ഒ.പി രജിസ്റ്റർ | 1 |
| 2 | മെഡിസിൻ രജിസ്റ്റർ | 1 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. പി. എം. മുഹമ്മദ് ഹനിഷ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018 ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വിവിധ ഭാഗങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ നിലവാരങ്ങൾ നിർണ്ണയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.02.29 10:24:53 +05:30